"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 - ഒക്കൽ സർവീസ് സഹകരണ ബാങ്ക് ലിമി നം 2181 (എറണാകുളം) ന് ധനസഹായം അനുവദിക്കുന്നത് - ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സഹകരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.70/2024/Co-Op തീയതി,തിരുവനന്തപുരം, 03-02-2024

പരാമർശം:- 1. സഹകരണ സംഘം രജിസ്ട്രാറുടെ പി & എം എ(5) 6231/2022 നം കത്ത്

2. സ.ഉ (സാധാ) നം. 24/2023/സഹ തീയതി 13/1/2023.

3. സഹകരണ സംഘം രജിസ്ട്രാറുടെ 23/09/2023 ലെ പി&എം എ (4) 1175/23 നംകത്ത്

<u>ഉത്തരവ്</u>

ഒക്കൽ സർവീസ് സഹകരണ ബാങ്ക് ലിമി നം 2181 (എറണാകുളം)ന്, ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഒക്കൽ ഗ്രാമപഞ്ചായത്തിൽ കാർഷിക പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണവും ഡിജിറ്റലൈസേഷനും നടപ്പാക്കുന്നതിനായി, സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണമേഖലയുടെ നൂതന പദ്ധതി പ്രകാരം, 60.00 ലക്ഷം രൂപ (അറുപത് ലക്ഷം രൂപ മാത്രം) ധനസഹായം, പദ്ധതി ഘടകങ്ങൾ പുതിയതാണെന്ന് സഹകരണ സംഘം രജിസ്ട്രാർ ഉറപ്പാക്കേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി, ചുവടെ പറയും പ്രകാരം, 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിയ്ക്കുന്നതിന് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2425-00-107-63-00-00-0-P-V<br>സബ്സിഡി | 7,50,000 | AS/COP/22/24188 | 31/03/2023 |
| 2 | 6425-00-107-69-00-00-0-P-V | 2,50,000 | AS/COP/22/24190 | 31/03/2023 |

| | | | | |
|---|---|---|---|---|
| | വായ്പ | | | |
| 3 | 2425-00-107-62-00-00-0-P-V<br>സബ്സിഡി | 10,00,000 | AS/COP/22/24191 | 31/03/2023 |
| 4 | 4425-00-107-82-00-00-0-P-V<br>ഓഹരി | 10,00,000 | AS/COP/22/24192 | 31/03/2023 |
| 5 | 4425-00-107-81-00-00-0-P-V<br>ഓഹരി | 4,00,000 | AS/COP/22/24193 | 31/03/2023 |
| 6 | 4425-00-108-30-00-00-0-P-V<br>ഓഹരി | 15,00,000 | AS/COP/22/24195 | 31/03/2023 |
| 7 | 2425-00-108-37-00-00-0-P-V<br>സബ്സിഡി | 8,00,000 | AS/COP/22/24196 | 31/03/2023 |
| 8 | 4425-00-107-80-00-00-0-P-V<br>ഓഹരി | 3,00,000 | AS/COP/22/24197 | 31/03/2023 |

2. എന്നാൽ 4425-00-108-30-00-00-00-P-V (ഓഹരി) ശീർഷകത്തിൽ അനുവദിച്ചിരുന്ന 15 ലക്ഷം രൂപ റിലീസ് ചെയ്യാൻ സാധിച്ചിരുന്നില്ല പ്രസ്തുത തുക 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി / റീലീസ് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) കത്ത് പ്രകാരം സഹകരണ സംഘം രജിസ്റ്റാർ അപേക്ഷിച്ചിരിക്കുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഒക്കൽ സർവീസ് സഹകരണ ബാങ്ക് ലിമി നം 2181 (എറണാകുളം) ന്, ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഒക്കൽ ഗ്രാമപഞ്ചായത്തിൽ കാർഷിക പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണവും ഡിജിറ്റലൈസേഷനും നടപ്പാക്കുന്നതിനായി, സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണമേഖലയുടെ നൂതന പദ്ധതി പ്രകാരം, 2022-23 സാമ്പത്തിക വർഷത്തിൽ 60.00 ലക്ഷം രൂപ (അറുപത് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ചിരുന്നതിൽ ഇനി റിലീസ് ചെയ്ത നൽകുവാനുള്ള ഓഹരിയിനത്തിലെ 15 ലക്ഷം രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) 4425-107-79 ശീർഷകത്തിൽ നിന്നും 2023-24 സാമ്പത്തികവർഷത്തിൽ അനുവദിച്ച് നൽകുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മുൻ വർഷത്തെ കുടിശ്ശികയുൾപ്പെടെ നടപ്പു വർഷത്തെ ഭരണാനുമതി

അനുവദിക്കപ്പെട്ട ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതും ബജറ്റ് വിഹിതത്തിനുപരിയായി ഭരണാനുമതി പുറപ്പെടുവിക്കണമെങ്കിൽ തത്തുല്യ മിച്ചം മറ്റു ശീർഷകങ്ങളിൽ നിന്നും കണ്ടെത്തി സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJI PHILIP
അഡിഷണൽ സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. സെക്രട്ടറി, ഒക്കൽ സർവീസ് സഹകരണ ബാങ്ക് (സഹകരണ സംഘം രജിസ്ട്രാർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
4. ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
5. ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/318/2022/ധന)
6. വെബ് & ന്യൂ മീഡിയ 6.കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 03-02-2024 11:41:01
സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്